## പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 6663

04.04.2018-ന് മറുപടിയ്ക്ക്

# അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയങ്ങളെ ഉയർത്തുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. രാജഗോപാലൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രഖ്യാപിച്ച അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയങ്ങളെ ഉയർത്തുന്ന പദ്ധതി പ്രകാരം എത്ര വിദ്യാലയങ്ങൾക്കാണ്അഞ്ച് കോടി രൂപ വീതം പ്രഖ്യാപിച്ചിട്ടുള്ളത്; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2017-18-ലെ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ 141 സ്കൂളുകളെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് പരമാവധി അഞ്ച് കോടി രൂപ വീതം കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത തുക അനുവദിച്ചതു പ്രകാരമുള്ള പ്രോജക്ട് പ്രൊപ്പോസലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും ഈ പ്രവൃത്തികൾ എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) മേൽ പദ്ധതിയുടെ ഭാഗമായി 138 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായത്തിന് അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം പദ്ധതി നിർവ്വഹണത്തിനായുള്ള കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിക്കുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് 2018 ഏപ്രിൽ മാസത്തിൽ പദ്ധതി നിർവ്വഹണം ആരംഭിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ